# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1288 01.07.2015 -ൽ മറുപടിക്ക്**

**കെ.എസ്.ടി.പി ഒന്നാം ഘട്ട റോഡ് പുന:നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) കെ. എസ്. ടി. പി. ഒന്നാം ഘട്ടത്തിന്റെ ഭാഗമായ റോഡ് പുനർ നിർമ്മാണത്തിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;<br>(ബി) പുന:നിർമ്മാണത്തിനുള്ള അടങ്കൽ എത്രയാണ് ;<br>(സി) എന്തെല്ലാം പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത് ;<br>(ഡി) ഒന്നാം ഘട്ടമായി ഏതെല്ലാം പ്രദേശങ്ങളാണ് പുനർനിർമ്മിക്കുന്നത്; നിർമ്മാണം എന്നത്തേക്ക് ആരംഭിക്കും ? | (എ) & (ബി) & (സി) & (ഡി) കെ.എസ്.ടി.പി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി വികസിപ്പിച്ച പാലക്കാട് - ഷൊർണ്ണൂർ റോഡ്, ചുണ്ടൽ - കുറ്റിപ്പുറം റോഡ്, അടൂർ - ചെങ്ങന്നൂർ റോഡ്, മൂവാറ്റുപുഴ - അങ്കമാലി റോഡ്, മൂവാറ്റുപുഴ - തൊടുപുഴ റോഡ് എന്നീ 150 കി. മീറ്ററോളം വരുന്ന റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിയ്ക്കായി ലോക ബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. 172 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന ടി പ്രവൃത്തികൾക്ക് അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് ടെൻഡർ ചെയ്ത് നടപ്പിലാക്കുന്നതാണ്. റോഡുകളുടെ ഉപരിതലം പുതുക്കൽ, ഓടകൾ, കലുങ്കുകൾ ഇവയുടെ വൃത്തിയാക്കൽ, ആവശ്യമായ റോഡു സുരക്ഷാ പ്രവൃത്തികൾ, റോഡ് മാർക്കിംഗ്, സൈൻ ബോർഡുകൾ എന്നീ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ